Mr. E. Ikkanda Warriar.—I may be contradicted; I have no objection.

Deputy President.—The Government Member has already said that he does not like to say anything more now and I think he is perfectly right in saying so.

*മിസ്റ്റർ കെ. എം. ഇബ്രാഹിം.— സർ, ബഹുമാനപ്പെട്ട പബ്ലിക്ക ഹെൽത്ത് മെമ്പറുടെ സമാധാനം വളരെ തൃപ്തികരമാണെന്നുള്ളതിൽ എനിക്ക വളരെ സന്തോഷമുണ്ട്. നമ്മുടെ ഭാരതത്തിന്റെ പൊതുവെ ഒരു പഞ്ചായത്ത് സംസ്കരണമാണ് ഉള്ളത്. പഞ്ചായത്തുകളുടെ സംസ്കാരംകൊണ്ടും ഭരണംകൊണ്ടും പരിഷ്കാരംകൊണ്ടുമാണ് ഗ്രാമീണരായ കർഷകർ കഴിഞ്ഞുകൂടിയിരുന്നതെന്ന് നമുക്ക ചരിത്രത്തിൽ കാണുവാൻ സാധിക്കുന്നുണ്ട്. അതുകൊണ്ട് പഞ്ചായത്തിന ഒരു വലിയ ഭാഗധേയമാണ് ഉള്ളത്. അതിന്റെ പുനരുദ്ധാരണം എന്ന നിലക്ക ഇതിന പ്രാധാന്യം കൊടുക്കണമെന്നാണ് ഞാൻ പറയുന്നത്. കൊച്ചി രാജ്യത്തിലെ പഞ്ചായത്തിന എന്തധികാരമാണ് ഉള്ളതെന്ന ഞങ്ങൾക്കറിയാം. ഈ നിയമസഭക്ക കൂടുതൽ അധികാരം കൊടുക്കാത്ത കൂട്ടരാണൊ പിന്നെ പഞ്ചായത്തിന കൊടുക്കുവാൻ പോകുന്നത്? ഞങ്ങൾക്കിവിടെ അധികാരം കിട്ടുവാൻവേണ്ടി റസല്യൂഷൻ കൊണ്ടുവരുന്നു. കട്ട് മോഷൻ കൊണ്ടുവരുന്നു, അഡ്ജോൺമെന്റ മോഷൻ കൊണ്ടുവരുന്നു, വാദിക്കുന്നു, ചിലപ്പോൾ തള്ളുന്നു, ചിലപ്പോൾ ബഡ്ജറ് ഒന്നാകെ തള്ളുന്നു, ബായിക്കോട്ടചെയ്യുന്നു, ഇങ്ങിനെ പലേ നിലയിൽ പ്രതിഷേധം കാണിച്ചിട്ടും പാലം കുലുങ്ങിയാലും കേളൻ കുലുങ്ങുകയില്ല (ചിരി) എന്ന മട്ടിൽ ഗവമ്മെണ്ടു ഉറച്ചുതന്നെ നില്ക്കുന്നു. ഈ കാര്യത്തിൽ പൊതുജനാഭിപ്രായം അനുകൂലമാണ് എന്നു ഗവമ്മെണ്ടിനെ അറിയിക്കുവാൻ എന്റെ പ്രസംഗം സഹായമായി തീരട്ടെ എന്നുമാത്രം ആശംസിച്ചുകൊണ്ട് ഞാൻ ഇതിനെ പിൻതാങ്ങുന്നു.

മിസ്റ്റർ കെ. എം. കുഞ്ഞുമൊയ്തീൻ.— സർ, അടുത്ത നടക്കുവാൻപോകുന്ന പഞ്ചായത്ത കാൻഫറൻസ് പ്രമേയത്തിൽ അടങ്ങിയിട്ടുള്ള നിർദ്ദേശങ്ങളെ സംബന്ധിച്ചു ആലോചനചെയ്യുന്നതാണെന്നു ഡയറക്ടർ അവർകൾ പറയുന്നതുകൊണ്ട് ആ കാൻഫറൻസിന്റെ നിർദ്ദേശങ്ങൾ ഗവമ്മെണ്ടു സ്വീകരിക്കുമെന്നും സ്വീകരിക്കണമെന്നുമുള്ള പ്രത്യാശയോടും അഭ്യർത്ഥനയോടുകൂടി ഞാൻ ഈ പ്രമേയത്തെ പിൻവലിക്കുന്നു.

Resolution was, by leave, withdrawn.

35. Organisation of Cottage Industries.

Mr. E. Ikkanda Warriar.—*"This Council recommends to the Government to organise Cottage Industries on a universal scale throughout the State".*

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

* Sir, I have time and again brought this subject for the consideration of this House. There was a time when it was admitted that the development of cottage Industries is a very desirable thing and the Government would take immediate steps in that direction. But they did not do much in that direction. Subsequently the Government told me that they are going to conduct an economic survery and the real necessity and other details required for organising a Cottage Industry can be settled after getting a survey report. And the whole thing was shelved for a time. Now, Sir, that survey is over or rather after surveying a few villages they have ordered to stop the work. But from the masterly reports that we have got for those villages it is evident to anybody that the conditions in the villages particularly are so deplorable that unless Government immediately come to their help and improve their economic condition, their plight will be very miserable indeed.

Sir, ours is an agricultural country and there is no work for at least six to eight months of the year for the agricultural labourers. Work can be found to them only if Cottage Industries are organised in this State. Mill Industries and other big Industries will not really be able to solve the problem of unemployment and the problem of finding adequate work during the slack season cannot be solved by these mills. I shall read from the last report. I think almost all the reports repeat the same story that there is no sufficient work for the people, for the agricultural people and they are not able to make both ends meet and that they are immersed in poverty. It is very difficult to say which industries should be organised. It would depend upon the nature of the various localities and the raw materials available in those places. I can suggest some industries, such as spinning, weaving, coir yarn making, poultry and dairy farming and such other things which I am sure will be able to increase the average income of the people. The prevailing economic depression has in a great way reduced the income of these people. It will also be a help to them if these industries are organised and the earning capacity of the masses increased. It is not the glamour of the town or the amount that is spent on the harbour or the improvement of this town or that that will help to improve the economic condition of the people. It is really the betterment of the economic condition of the masses in the villages that really matters for the country. I therefore say that it is high time for the Government to take steps in this direction because they have got the materials now.

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

I hope the Government will immediately take up the work in right earnest. With these few words I commend the resolution to the acceptance of the House.

Mr. A. Eachara Menon.—I second it.

മിസ്റ്റർ കെ. അയ്യപ്പൻ.— സർ, കോട്ടേജ് ഇൻഡസ്ട്രിയെപ്പറ്റിയുള്ള പ്രശ്നം ഇൻഡ്യാ മുഴുവൻ പ്രബലപ്പെട്ടിരിക്കുന്ന ഈ അവസരത്തിൽ അതിനെപ്പറ്റി വല്ല സംശയവും പുറപ്പെടുവിക്കുന്നതിൽ നിങ്ങളിൽ പലർക്കും അത്ഭുതം തോന്നിയേക്കാം. എങ്കിലും ഉള്ള സംശയം പറയാതിരിക്കുന്നതു് ശരിയല്ലല്ലോ. കുടിൽ വ്യവസായങ്ങൾ ഗവമ്മെണ്ടു് നടത്തിച്ചാൽ ഗുണപ്പെടുകയില്ല. സഹകാരിത്വമായി നടത്തിയിട്ടുതന്നെ ആ വ്യവസായങ്ങൾക്കു ഗുണമില്ലാതിരിക്കയാണു്. ഫാക്ടറി വ്യവസായങ്ങളോടുള്ള മത്സരത്തിൽ പരാജയപ്പെട്ട നമ്മുടെ കുടിൽവ്യവസായങ്ങൾ സ്വഭാവികമായി ചാകുകയാണു്.

ഗവമ്മെണ്ടിനു വ്യവസായങ്ങളെ സബ്സിഡി കൊടുത്തും മറും സഹായിക്കാൻ സാധിക്കും. അങ്ങിനെയുള്ള സഹായങ്ങൾ ചെയ്കയല്ലാതെ കുടിൽ വ്യവസായങ്ങളെ ഓർഗനൈസ് ചെയ്യാൻ ഗവമ്മെണ്ടു് പുറപ്പെട്ടാൽ പരാജയം തീർച്ചയാണു്. എല്ലാ ഗവമ്മെണ്ടുകളേയും ഉദ്ദേശിച്ചല്ല പറയുന്നതു്. നമ്മുടെ ഗവമ്മെണ്ടിന്റെ മാതിരി ഘടനയുള്ള ഗവമ്മെണ്ടിനു വ്യവസായങ്ങൾ ഓർഗനൈസ് ചെയ്യാൻ സാധിക്കയില്ലെന്നാണു ഞാൻ പറയുന്നതു്. സൊഷ്യലിസ്റ്റ് ഗവമ്മെണ്ടു കൾക്കാണെങ്കിൽ സാധിക്കും.

*മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.— ബഹുമാനപ്പെട്ട ഉദ്യോഗം മെമ്പർ കൊണ്ടുവന്ന പ്രമേയത്തെ എതിർക്കേണ്ടിവന്നതിൽ വളരെ വ്യസനം തോന്നുന്നു. ഇപ്പോൾ നമ്മുടെ കൊച്ചി ഗവമ്മെണ്ടിന്റെ ഈ വിഷയത്തെപ്പറ്റിയുള്ള മനഃസ്ഥിതി എന്താണെന്നു് എല്ലാപേർക്കും അറിയാം. ഇതുപോലെയുള്ള പ്രവൃത്തികളിൽ അവർക്കു എത്രത്തോളം ശ്രദ്ധയുണ്ടെന്നുള്ളതു അറിഞ്ഞിരുന്നിട്ടും ഇങ്ങിനെ ഒരു പ്രമേയം കൊണ്ടുവന്നതിൽ അതിശയിക്കുന്നു. ഇപ്പോൾ ആരെങ്കിലും എന്തെങ്കിലും കൈത്തൊഴിലുകൾ ചെയ്യുന്നതിനു മുതിച്ചാൽ അവരെ ശിക്ഷിക്കുകയെന്നുള്ളതാണു് ഗവമ്മെണ്ടിന്റെ മനഃസ്ഥിതി എന്നു് ബഹുമാനപ്പെട്ട മെമ്പർക്കു അറിയാവുന്നതാണു്. കാഫിക്കുവടം ചെയ്താലും ചക്കിരി തല്ലിയാലും ഗവമ്മെണ്ടിനു് പണംകൊടുക്കണം. നാളികേരത്തിന്റെ വില കൂട്ടണമെന്നു് ഇവിടെ ഒരു ബഹുമാനപ്പെട്ട മെമ്പർ പറയുകയുണ്ടായി. പക്ഷെ അതു കുറയ്ക്കാനുള്ള വഴിയാണു് ഗവമ്മെണ്ടിൽനിന്നു ചെയ്യുന്നതു്. ഇതെല്ലാം ഗവമ്മെണ്ടു നടത്തിട്ടുള്ള പ്രവൃത്തികളുടെ അനുഭവംകൊണ്ടു പറയുന്നതാണു്. പിന്നെ ഈയിടെ ഒരു വ്യവസായ

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ത്തിനായി കുറെ ജനങ്ങൾ ശ്രമിച്ചു. ഗ്രാമീണവേലക്കാരിലുള്ളവർ എല്ലാം കൂടി പണംപിരിച്ച് ഒരു എലക്ട്രിക്ക് കമ്പനി നടത്താൻ ശ്രമിച്ചപ്പോൾ അതിൽ ഗവൺമെണ്ടു ചെയ്ത നയം എന്താണെന്ന് നിങ്ങൾ എല്ലാവരും അറിഞ്ഞിട്ടുണ്ടല്ലൊ. നമ്മൾ ഏതെങ്കിലും വ്യവസായത്തിനോ കൈത്തൊഴിലിനോ ശ്രമിച്ചാൽ പിഴ കൊടുക്കേണ്ടിവരും. അതുകൊണ്ട് എല്ലാ വില്ലേജുകാരുടെയും കൂടി വേണ്ടിയാണ് ഇതു ഇവിടെ കൊണ്ടുവന്നിട്ടുള്ളതെന്നു പറഞ്ഞു എല്ലാ വില്ലേജുകാരെക്കൊണ്ടും പിഴ കൊടുപ്പിക്കാൻ ഇടയാക്കരുതെന്നു മാത്രമേ എനിക്കു പറയുവാനുള്ളൂ.

*മിസ്റ്റർ ടി. കെ. നായർ.— കുടിൽ വ്യവസായങ്ങളെ സംബന്ധിച്ചു ബഹുമാനപ്പെട്ട തൈക്കെ ഈഴവ പ്രതിനിധി പറഞ്ഞതിനോടു മുഴുവൻ യോജിക്കാൻ ഞാൻ തയ്യാറില്ല. എങ്കിലും ചിലഭാഗങ്ങൾ സമ്മതിക്കാതെ നിവൃത്തി ഇല്ല. എന്റെ അനുഭവത്തിൽ പെട്ടിടത്തോളം ഗവൺമെണ്ടു പ്രവേശിച്ച ഒരു കുടിൽ വ്യവസായത്തിന്റെ ചരിത്രം പറയാം. എന്റെ വീട്ടിന്റെ അടുത്തു കുത്താൻപിള്ളി എന്ന ഒരു സ്ഥലം ഉണ്ട്. ഈ പേർ ചിലർ കേട്ടിരിക്കും. കൊച്ചിരാജ്യത്തിൽ നെയ്ത്തിനു വളരെ പ്രസിദ്ധികേട്ട ഒരു സ്ഥലമാണ് അതു്. അവിടെ ആയിരത്തോളം വീട്ടുകാരുടെ തൊഴിൽ നെയ്ത്താണ്. നമ്മുടെ ഗവൺമെണ്ടിന്റെ ഇതിനു മുമ്പിലത്തെ കൊ-ആപ്പറേറ്റീവു സൂപ്രണ്ടു അവിടെ ചെന്നു രണ്ടു മൂന്നു പ്രമാണികളെ വിളിച്ചുവരുത്തി നിങ്ങളെ ഈ സ്ഥിതിയിൽനിന്നു നന്നാക്കി തരാം. അതിനു് ഇവിടെ ഒരു കൊ-ആപ്പറേറ്റീവു് സൊസൈറ്റി സ്ഥാപിക്കണം. ഗവൺമെണ്ടിനോടു് പണവും അപേക്ഷിച്ചാൽ കിട്ടും."—ആരെന്തുതന്നെ പറഞ്ഞാലും വിശ്വസിക്കുന്ന തരക്കാരാണവർ.—എന്നുപറഞ്ഞു് എല്ലാവരേയും പിടിച്ചു സൊസൈറ്റിയിൽ ചേർത്തു. ആക്കും എഴുത്തും വായനയും അറിഞ്ഞുകൂടാ. ൧൫൦൦൦ രൂപയാണ് ഗവൺമെണ്ടിൽനിന്നു സൊസൈറ്റിക്കു കടം കൊടുത്തതു്. മദ്രാസിൽപോയി വന്നു് ൧൦൦-ം, ൧൭൦-ം നമ്പർ നൂലുകൊണ്ടു് നെയ്യാൻതക്ക പ്രാപ്തിയുള്ളവർ ആണു് അവിടെ അധികം. ഈ നൂലുകൾ നേരിട്ടുവരുത്തി സൂപ്രണ്ടിന്റെ മേലനേഷണത്തിൽ നെയ്യിച്ചു്, ഉണ്ടാക്കുന്ന മുണ്ടുകൾ തിരിച്ചു മേടിക്കുന്നു. അവക്കു വിലയിൽ 'ചാമി' എന്തുകണക്കുവെച്ചാലും തരക്കേടില്ല എന്നാണ് അവരുടെ വിശ്വാസം. അവക്കു കൂലികിട്ടണം എന്നേ ഉള്ളൂ. ഈ തരത്തിലായിട്ടു് ൧൦൦-ൽ ചിലപ്പോൾ വീട്ടുകാർ അവിടെനിന്നു പോകേണ്ടിവന്നു. അന്നു മിസ്റ്റർ ടി. എസ്സ്. നാരായണയ്യർ ആയിരുന്നു ദിവാൻജി. സൊസൈറ്റി പൊളിഞ്ഞു. ഓരോരുത്തർ ഓരോയ്ക്കു മേടിച്ചിട്ടുണ്ടായിരുന്ന കടത്തിന്റെ ഇരട്ടി അടച്ചുതീർത്തിട്ടുണ്ടെന്നു് അവർ പാഞ്ഞു. എന്നാൽ ഗവൺമെണ്ടു കണക്കിൻപ്രകാരം അവർ വാങ്ങിച്ചിട്ടുള്ളതിന്റെ ൪ ഇരട്ടി കൊടുക്കാനുണ്ടു്. കൊടുത്തിട്ടുള്ളതിന്റെ ശരിയായ കണക്കും

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ഇല്ല. ഈ തരത്തിൽ ൮൦൦-ൽ ചിലപ്പോൾ വീട്ടുകാർ അവിടെനിന്ന് മധുരയ്ക്കു പോയി. എനിക്ക് അവിടെ ഇരിക്കപ്പൊറുതി ഇല്ലാതെയായി. ഞാൻ ദിവാൻജിയുടെ അടുക്കൽചെന്നു കാര്യം ബോധിപ്പിച്ചു. അദ്ദേഹം സ്ഥലത്തുവന്നു സംഗതി നേരിട്ടുകണ്ട് അവരുടെ ദയനീയസ്ഥിതികഥ മനസ്സിലാക്കി. ഗവമ്മെണ്ടിനു ബാക്കി കൊടുക്കാനുണ്ടായിരുന്നതിൽ ൨൦൦൦ ക വിട്ടുതരാം എന്നു അദ്ദേഹം ദയവായി കല്പിച്ചു. അപ്പോൾ ൧൨൦൦൦ രൂപയിൽ കൂടുതൽ ഗവമ്മെണ്ടിന് വസൂൽചെയ്യേണ്ടതുണ്ടായിരുന്നു. ഇവിടെ ചെയ്ത മുണ്ടുകളിൽ ൪൦൦൦ രൂപയുടെ മുണ്ട് തൃശ്ശിവപേരൂർ മ്യൂസിയത്തിലേയ്ക്കു എടുത്തു. കുറെനാൾ കഴിഞ്ഞപ്പോൾ ഈ മുണ്ടിന്റെ കസവു മുഴുവൻ ചീത്തയായിപോയി. മുണ്ടിനു കേടുവന്നു. ഇപ്പോൾ ഇതാ ൪൦൦൦ രൂപ മ്യൂസിയത്തിൽ കുറവുവന്നതു അനുവദിച്ചുകൊടുക്കുവാൻ ഒരു പ്രമേയം കൊണ്ടുവന്നിരിക്കുന്നു. കുത്തൻപിള്ളിക്കാക്കു ൧൦൦൦ ക ദിവാൻജി വിട്ടുകൊടുത്തു. ഇങ്ങിനെ ഒക്കെ ആയിട്ടും അവരുടെ കഷ്ടസ്ഥിതി ഇതേവരെ തീർന്നിട്ടില്ല. മധുരയ്ക്കു പോയിട്ടുള്ളവർ ഇതേവരെ മടങ്ങിവന്നിട്ടില്ല. അതുകൊണ്ടു ഇതിലും ഗവമ്മെണ്ടു പ്രവേശിച്ചാൽ ഇങ്ങിനെയായിത്തീരുമെന്ന് ഞാൻ പറയുന്നില്ല. ഈ വക കാര്യങ്ങളിലുള്ള അറിവു് ഇവിടെ മോശമായിരിക്കുന്നു. ഉദാഹരണമായി കൊച്ചിരാജ്യത്തിനു്, ഒരു മെമ്മറിയായി കിടക്കുന്ന പോട്ടറീസ് ഇൻറസ്ട്രീസിനെ കുറിച്ചുതന്നെ പറയാം. അനവധി പണംകളഞ്ഞു കുളിച്ചതിനുശേഷമാണു് അതു ഇങ്ങിനെയെങ്കിലും കുറച്ചു ഭേദമായിരിക്കുന്നതു്. അതിൽ വളരെ സന്തോഷിക്കുന്നു. ഒരു ജോലിയിൽ പരിചയമില്ലാത്തയാളെ ആ ജോലിക്കുവച്ചാൽ അതെങ്ങിനെയാണു നന്നാകുക. എന്നോടു ഹാർബർ ഇഞ്ചിനീയർ ആകാൻ പറഞ്ഞാൽ ഞാൻ അതിനു പോകുമോ? അതിനു നിവൃത്തിയില്ല. അതുകൊണ്ടു ഈ കോട്ടേജ് ഇൻറസ്ട്രി, യൂനിവേഴ്സൽ സ്കൂളിൽ വരുത്തണമെന്നു പറയുന്നതിനോടു യോജിക്കുവാൻ നിവൃത്തിയില്ല. എന്നാൽ ചില സംഗതികളൊക്കെ ഗവമ്മെണ്ടിനു വരുത്താൻ സാധിക്കും. അതിനു ഗവമ്മെണ്ടു തയ്യാറുണ്ടെന്നു അഡൈവസറി ബോർഡു കൂടിയതിന്റെ പ്രൊസീഡിംഗ്സ് എനിക്കു കിട്ടിയതിൽനിന്നു ഞാൻ വായിച്ചു മനസ്സിലാക്കുന്നു. കോ-ഓപ്പറേറീവു് രജിസ്ട്രാരുമായിട്ടു ഞാൻ സംസാരിച്ചതിൽനിന്നു എനിക്കു്, ഈ വിഷയത്തെപ്പറ്റി കൂടുതൽ മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ടു്.

(At this stage the Hon'ble the President occupied the Chair.)

* മിസ്റ്റർ ടി. കെ. നായർ.— അടുത്ത അവസരത്തിൽ മദ്രാസിൽ പോയി പാസായിവന്ന ഒരു പോട്ടറീസ് എക്സ്പർട്ട് ഇവിടെ ഉണ്ടെന്നു കേൾക്കുന്നുണ്ടു്. അദ്ദേഹത്തെ പേഴ്സനലായിട്ടു ഞാനറിയും. അദ്ദേഹം ഒരു സ്കൂൾമാസ്റ്ററാണു്. ആ സ്കൂൾമാസ്റ്റർ സ്ഥാനത്തു

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

നിന്നും അദ്ദേഹത്തെ ഇതിലേക്ക് തന്നെ വച്ചാൽ തരക്കേടില്ല. പക്ഷെ ഗവമ്മെണ്ട് അങ്ങിനെ ചെയ്യുമോ എന്നാണ് സംശയം. എന്തെന്നാൽ പഞ്ചായത്താപ്പീസിൽ ഒരു പൂണിനെ വയ്ക്കുന്നതിനു മൂന്നു രൂപ തരണമെന്നു പറഞ്ഞു ഞാനെഴുതിയിരുന്നു. ഗവമ്മെണ്ടിനു അതു സമ്മതമായിരുന്നെങ്കിലും ഇതുവരെ നടപ്പിലായിട്ടില്ല. ഈവക കാര്യങ്ങളിൽ ഗവമ്മെണ്ടു കുറച്ചുകൂടി ശ്രദ്ധവച്ചാൽനന്ന്. സോഷ്യലിസമോ, ബോൾഷേവിസമോ കൊണ്ടു മാത്രമേ നമ്മൾ നന്നാകുകയുള്ളൂ എന്നു ഞാൻ വിചാരിക്കുന്നില്ല. അതു ജനങ്ങൾ നന്നാകാൻ ഒരു നല്ല വഴിയാണ്. ഒരുകാലത്തു നമ്മൾ അതിലേക്ക് എത്തിച്ചേരും. അതു താനേ വന്നുകൊള്ളും. ഇപ്പോൾ പകലാണ്. ഇനി മൂന്നു നാലു മണിക്കൂർ കഴിഞ്ഞാൽ രാത്രിവരും. രാത്രിവരാൻ എന്തെറ ശ്രദ്ധാശ്രയൊന്നും വേണ്ടല്ലോ. ആ സമയംവരുമ്പോൾ താനെ വന്നുകൊള്ളും. പക്ഷെ അതുവരെ കഴിഞ്ഞുകൂട്ടുന്നതിനു ഗവമ്മെണ്ടു മനസ്സുവക്കണം. അങ്ങിനെ ചെയ്യാമെന്നു കടലാസ്സിൽ എഴുതിവച്ചാൽമാത്രംപോരാ, അതു നടപ്പിൽവരുത്തുന്നതിനുള്ളതു ശ്രമിക്കണം. പല കാര്യങ്ങളും പാസ്സായിട്ടു ഇത്തരത്തിൽ ഗവമ്മെണ്ടു റിക്കാർട്ടുകളിൽ കിടപ്പുണ്ട്. പോട്ടറീസ് കാര്യത്തിനു ഏതാണ്ടു രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. ഒല്ലൂർക്കരെ സെൻട്രൽഫാറത്തിനെ നന്നാക്കുവാൻ കുറെ പണം അനുവദിച്ചിട്ടുണ്ട്. അതു കൗൺസിലിൽ പാസ്സായതുകൊണ്ടു നടപ്പിൽ വന്നിരിക്കുമെന്നാണ് ഞാനാദ്യം വിചാരിച്ചതു്. എന്നാൽ ഈയിടെ മാത്രമേ എനിക്കതിനെ സംബന്ധിച്ചുള്ള സൂക്ഷ്മ വിവരം മനസ്സിലായുള്ളൂ. അതു് ഇതുവരെ നടപ്പിൽ വരുത്തീട്ടില്ല.

അതുകൊണ്ടു ഗവമ്മെണ്ടു യുനിവേഴ്സലായിട്ട കോട്ടേജ് ഇൻഡസ്ട്രീസിൽ പ്രവേശിക്കരുതെന്നുമാത്രമേ എനിക്കു പറയുവാനുള്ളൂ.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി. — കൊച്ചിരാജ്യത്തിൽ വ്യവസായപരമായ ഒരു പുനരുദ്ധാരണം സംഭവിക്കുമെന്നു സർ, ആർ. കെ. ഷൺമുഖംചെട്ടി കൊച്ചിയിൽ ദിവാൻപദം അലങ്കരിച്ചുതുടങ്ങിയ സമയംമുതൽ ജനങ്ങൾ ഉൽക്കണ്ഠാഭരിതർ ആയിട്ടാണ് ഇരുന്നിരുന്നതു്. അദ്ദേഹത്തിന്റെ കൊച്ചി തുറമുഖത്തെപ്പറ്റിയുള്ള രണ്ടാമത്തെ പ്രസംഗംകൊണ്ടു അതു സഫലമാകുമെന്നു് ജനങ്ങൾക്കു വിശ്വാസം തോന്നും വിധം ചില സംഗതികൾ പ്രസ്താവിക്കയും ഉണ്ടായി. ആ പ്രസംഗത്തിന്റെ ഒരു ഭാഗം അല്പം ഇവിടെ വായിച്ചു കേൾപ്പിക്കാം.

"It is in the fields of commerce and industry alone that an outlet can be found for the thousands of young men to whom the problem of life has become a tragedy. Will the people of Cochin take advantage of this opening or will they sit idle and witness the spectacle of others from outside the State carrying away the plums of commerce and trade? This is an aspect of the problem which to my mind is of vital significance to those who are interested

LIBRARY ARCHIVES Kerala Legislative Assembly

in the advancement of the State of Cochin. I hope that the public will apply their mind to this and bestir themselves so that when this opportunity comes it may be availed of by the young men of the State. I may assure you that the Government on its part will be prepared to extend all facilities which will enable the people of the State to take the fullest advantage of this opportunity."

ഈ പ്രസംഗത്തിൽ അദ്ദേഹം നമുക്കു മനോഹരമായ ഒരു ഭാവിയെ ചിത്രീകരിക്കയും അതിന്റെ സഫലീകരണത്തിനു നാട്ടുകാരുടെ വ്യവസായത്തിനു സമസ്ത ആനുകൂല്യങ്ങളും വാഗ്ദാനം ചെയ്കയും ചെയ്തു. എന്നാൽ അദ്ദേഹത്തിന്റെ പിന്നീടുള്ള പ്രവൃത്തികൾ എങ്ങിനെയായിരുന്നു എന്ന് ഞാൻ നിങ്ങളോട് സവിസ്തരം പ്രതിപാദിക്കണമെന്നു വിചാരിക്കുന്നില്ലെങ്കിലും രണ്ടുവാക്കു പറയാതെ ആ സംഗതി മറച്ചുകൂടാ. കൊച്ചിരാജ്യത്തിലെ ഒരു വ്യാപാരകേന്ദ്രമാണ് തൃശ്ശിവപേരൂർ പട്ടണം എന്നു നിങ്ങൾക്കു അറിയാവുന്നതാണല്ലൊ. ആ പട്ടണനിവാസികൾ നാലഞ്ചു കൊല്ലംമുമ്പുമുതൽക്കെ അവിടത്തെ വിദ്യുച്ഛക്തികാര്യത്തിൽ ഉൽസുകരായിരുന്നു. അതിനുവേണ്ടി പല പ്രയത്നങ്ങളും അവർ ചെയ്തു.

Mr. President.—Order, order. What is the subject that we are discussing now?

Mr. T. S. Narayana Ayyar.—Cottage Industries.

Mr. President—Then what has electricity to do with Cottage Industries?

Mr. C. R. Iyyunni.—I will presently show the relevancy.

Mr. President.—The Hon'ble Member will show the relevancy first.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി.— ഞാൻ പറയുന്നതു ഉദ്യോഗംമെമ്പർ അവർകളുടെ പ്രമേയത്തോടു ഒട്ടും യോജിക്കാത്തതിനുള്ള കാരണമാണ്. കാട്ടേജ് ഇൻഡസ്ട്രീസ് എന്നുവേണ്ട മറേറതു വ്യവസായത്തിനും ഗവൺമെണ്ടിന്റെ ആനുകൂല്യവും ഗവൺമെണ്ടിൽനിന്നു ഉണ്ടാകുക ഇല്ല. അതിനു ഉദാഹരണമായിട്ടാണ് തൃശ്ശിവപേരൂർ നിവാസികളാൽ സ്ഥാപിതമായതും അവർ പണമിറക്കീട്ടുള്ളതും അവരാൽ നടത്തപ്പെടേണ്ടതുമായ എലക്ട്രിക്ക് കമ്പനിയെക്കുറിച്ചു പറഞ്ഞതു്.

Mr. President.—Order, order. That is a far fetched connection between electricity and cottage industries. So far as the Trichur Electric Corporation business is concerned, both the Government and myself were entirely prepared to face a discussion in this House on the Adjournment Motion of which notice was given yesterday. But the adjournment motion was not moved yesterday and it is not the fault of the Government.

LIBRARY ARCHIVES Kerala Legislative Assembly

I will not allow any Hon'ble Member to take advantage of another opportunity to smuggle a discussion on that. The Hon'ble Member will not be permitted to refer to that. The Hon'ble Member ought to be relevant and it is for the Chair to decide what remarks are relevant.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി.— ഞാൻ പറഞ്ഞല്ലോ. കൊച്ചീരാജ്യത്തിന്റെ ഇപ്പോഴത്തെ ഭരണസ്ഥിതി നോക്കുമ്പോൾ കുടിൽ വ്യവസായത്തിന് യാതൊരു പ്രോത്സാഹനവും ഉണ്ടാകുവാൻ വഴി ഇല്ല എന്നാണു തോന്നുന്നത്. ഇപ്രകാരമുള്ള നയമാറ്റത്തിന്റെ കാരണം സൂക്ഷ്മമായി നമുക്കു അറിവാൻ നിവൃത്തിയില്ലാതെയാണിരിക്കുന്നത്. ഇനി പറവാനുള്ളത് ഈ സ്ഥിതിക്കു ഗവമ്മെണ്ടു മുഖേന കുടിൽ വ്യവസായം നടത്തുകയാണെങ്കിൽ അതിൽനിന്ന് ജനങ്ങൾക്ക് യാതൊരു ഗുണവും ഉണ്ടാകുക ഇല്ല എന്നാണ്. പഴയന്നൂർ മെമ്പർ പറഞ്ഞപോലെ കൊച്ചീ ഗവമ്മെണ്ടിൽനിന്ന് വ്യവസായപരമായി ഒരു ഗുണവും ഉണ്ടാകുമെന്നു തോന്നുന്നില്ല. ഗവമ്മെണ്ടിന്റെ അഭിമുഖ്യത്തിൻകീഴിൽ രണ്ടു വ്യവസായങ്ങൾ നടത്തുക ഉണ്ടായി. അതിൽ ഒന്ന്, അതായതു തുകൽ വ്യവസായം. തീരെ നഷ്ടത്തിൽ കലാശിച്ചു. രണ്ടാമത്തേതു മൺപാത്രശാല, ഉണ്ടോ ഇല്ലയോ എന്ന നിലയിൽ കിടക്കുന്നു. എന്നാൽ കൊച്ചീ ഗവമ്മെണ്ടിന്ന് ചെയ്യാവുന്ന മറ്റൊരു കാര്യം ഞാൻ ഒരു പ്രമേയം മൂലം ഇവിടെ അവതരിപ്പിക്കണമെന്നുദ്ദേശിച്ചിരുന്നു. ആ പ്രമേയാവതരണത്തിനു സാധിക്കാതെ പോയതിനാൽ അതിനെക്കുറിച്ചു് സ്വൽപ്പം ഒന്നു പറയാമെന്നേ ഉള്ളൂ. എന്റെ പ്രമേയം ഇതാണ്.

"This Council recommends to the Government that a Committee consisting of officials and non-officials be formed to report on the scope and feasibility of starting industries in the State particularly the cottage industries".

കൊച്ചി ഗവമ്മെണ്ടിന്റെ അഭിമുഖ്യത്തിലും നിയന്ത്രണത്തിലും വ്യവസായ ശാലകൾ നടത്തിയിട്ടു പറയത്തക്ക ഗുണം ഉണ്ടാകുന്നില്ലെന്നു നമുക്കു അനുഭവപ്പെട്ടവല്ലോ. പല വ്യവസായങ്ങളും ഭാരത ഭൂമിയുടെ നാനാഭാഗങ്ങളിലും കാര്യക്ഷമമായി നടക്കുന്നുണ്ട്. കൊച്ചീ രാജ്യത്തിൽ ഏകദേശം പത്തോ പതിനഞ്ചോ കൊല്ലങ്ങൾക്കു മുമ്പു തുടങ്ങിയ ഒരു ഇൻഡസ്ട്രി ആണു തീപ്പെട്ടി വ്യവസായം. ആ കാര്യത്തിൽ ആദ്യമായി ഉത്സാഹിച്ചു പ്രവൃത്തിച്ചതു തൃശ്ശൂരിൽ മിസ്റ്റർ കെ. ഡബ്ളിയു. ജോസഫ് എന്ന മഹാനാണ്. ആ വിദ്വാൻ പല സ്ഥലങ്ങളിലും സിനിമാ കൊണ്ടുനടന്ന അവസരത്തിൽ, തീപ്പെട്ടി വ്യവസായം കുടിൽ വ്യവസായമായും അല്ലാതെയും നടത്തുന്നതു കാണുകയുണ്ടായി. ഉടനെതന്നെ നാട്ടിൽവന്ന് മകനെ ഈ വിദ്യ അഭ്യസിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

തിന്റെ കൽക്കട്ടയിലേക്ക അയച്ചു പഠിപ്പിച്ചു. അയാൾ മടങ്ങി വന്നു. ആ വ്യവസായം തൃശ്ശൂർ പട്ടണത്തിൽ തുടങ്ങുകയും അതു നല്ല നിലയിൽ അഭിവൃദ്ധിപ്രാപിക്കുകയും മറ്റു പലരും ആ വ്യവസായം കണ്ടുപിടിച്ചു പലേ സ്ഥാപനങ്ങളും ആരംഭിക്കുകയും ഇപ്പോൾ തീപ്പെട്ടി വ്യവസായം ആദായകരമായ ഒരു വ്യവസായമായിത്തീരുകയും ചെയ്തിരിക്കുന്നു. നാം നിസ്സാരമെന്നു വിചാരിക്കുന്ന പലേ സാധനങ്ങളിൽനിന്നു ഉപകാരപ്രദമായ പല സാധനങ്ങളും ഉണ്ടാക്കാം. ഉദാഹരണമായി കൊടോലപ്പന എന്ന ഒരു വൃക്ഷം നിങ്ങൾ കേട്ടിട്ടുണ്ടായിരിക്കുമല്ലോ. അതിന്റെ ഇല വെട്ടിക്കളഞ്ഞാൽ ബാക്കി ഉള്ള തണ്ട് സുലഭമായിട്ട് ചാലക്കുടി എന്ന പ്രദേശങ്ങളിൽ കിട്ടും. അതിൽനിന്ന് ഒരു വക നാരു് എടുക്കാൻ സാധിക്കും എന്നു പറയുന്നുണ്ട്. ആ സാധനം ഇപ്പോൾ ഉപയോഗമില്ലാതെ നശിച്ചുപോകുന്നു. മേൽപറഞ്ഞ സാധനംപോലെ നമ്മുടെ കാടുകളിൽ പല സാധനങ്ങളും ഉപയോഗമില്ലാതെ പാഴായിട്ട പോകുന്നുണ്ട്. ഈ സാധനങ്ങളുടെ ഗുണങ്ങളെ ഗ്രഹിച്ചു അവയെ ഉപയോഗപ്രദമാക്കുന്നതിനു വഴിയെ മനസ്സിലാക്കീട്ടുള്ള ഒരാളെ വരുത്തി ഇവിടത്തെ ജനങ്ങളെ പഠിപ്പിക്കുന്നതായാൽ അതു വളരെ നന്നായിരിക്കും. അല്ലാതെ കൊച്ചീ ഗവമ്മെണ്ടു് പണം ചിലവുചെയ്യുകടിൽ വ്യവസായങ്ങൾ തുടങ്ങിയാൽ അവയിൽനിന്നു ഒരു ഗുണവും ഉണ്ടാകാനില്ല. ഇൻഡ്യയുടെ പല സ്ഥലങ്ങളിലും നിസ്സാരമായ സാധനങ്ങളിൽനിന്നു വിലപിടിച്ച പല സാധനങ്ങളും ഉണ്ടാക്കുന്നുണ്ടു്. ഉദാഹരണമായി വെള്ള മണൽ മുതലായ സാധനങ്ങളിൽനിന്നു കൂപ്പിവളകൾ ഉണ്ടാക്കുന്നു. അതുണ്ടാക്കാനുള്ള പല സാമഗ്രികളും ഇവിടെ ഉണ്ടെന്നു പലരും പറയുന്നു. അതിനെപ്പറ്റി ശരിയായ വിവരങ്ങൾ അറിഞ്ഞുകൂടാ. എങ്കിലും അതിനു പ്രധാനമായി ആവശ്യമുള്ള മണൽ സമൃദ്ധിയായി ഇവിടെ ഉണ്ടു്. ഈ വ്യവസായത്തിനു ആവശ്യമുള്ള മറ്റുള്ള സാധനങ്ങൾ ഏവയെന്നും അവ ഇവിടെ കിട്ടുമോ എന്നും അറിയുന്നതു ആശാസ്യമായിരിയ്ക്കും. ഈ തരത്തിലുള്ള വ്യവസായങ്ങളിൽ ശ്രദ്ധ പതിപ്പിക്കുന്നതായാൽ പൊതുജനങ്ങൾക്കു് വളരെ ഗുണമുണ്ടാകും. ഇവിടെ സമൃദ്ധിയായി കിട്ടുന്ന ഉൽപ്പന്നങ്ങളിൽ ആവശ്യവും ഉപയോഗവും ഇല്ലാത്ത സാധനങ്ങൾ ഏതാണെന്നു മനസ്സിലാക്കി അവകൊണ്ടു് മനുഷ്യോപയോഗമായ സംസ്കൃത സാധനങ്ങൾ ഉണ്ടാക്കാൻ സാധിക്കുമോ എന്നു് അറിഞ്ഞു് ആ വ്യവസായങ്ങളെ അഭ്യസിപ്പിക്കുവാൻ ഒന്നോ രണ്ടോ പേരെ കൊല്ലത്തോറും എവിടെ എങ്കിലും പറഞ്ഞയക്കുകയും അവർ പഠിച്ചുവന്നാൽ അവരുടെ അറിവു പൊതുജനങ്ങൾക്കു വിതരണം ചെയ്യുകയും ചെയ്യുന്നതായാൽ നമ്മുടെ നാട്ടിൽ പുതിയതായി പലേ വ്യവസായങ്ങളും തുടരുന്നതിനും ദിനംപ്രതി എന്നോണം വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മക്കു ഒരു നിവാരണം ഉണ്ടാക്കുന്നതിനും കാരണമായിത്തീരുന്നതാണു്,

LIBRARY ARCHIVES Kerala Legislative Assembly

Mr. P. Kumaran Ezhuthassan.—Mr. President, while speaking on a resolution requesting the Government to organise cottage Industries, I wish to avail myself of this opportunity to request the Government to render all facilities for the growth of one particular industry, which is peculiar and particular to my constituency, viz., the arecanut industry which is described in the masterly report of the economic surveyor, as the main stay of the people of the Talappilli Taluk. One technical obstacle in the way of the growth of that industry has been removed by the good offices of the Government by the repeal of the Regulation that stood in the way of grant of licenses to all persons who ask for it. But we have gone only thus far and not further. I understand that requests for the grant of licenses for carrying on the trade in arecanut have been placed before the Government subsequent to the repeal of this Regulation and I take this opportunity to request the Government that they may be pleased to grant the license asked for mainly with a view to seeing that the all important industry in that part of the State is fostered and encouraged by the Government. Referring particularly to that industry I have great pleasure to endorse all that has been said by the Hon'ble Mover and to join in his prayer to the Government that they may be pleased to do all that is necessary to foster all sorts of conceivable cottage industries that will flourish in the State.

*മിസ്റ്റർ കെ. എസ്സ്. പണിക്കർ.—സർ, കുടിൽ വ്യവസായത്തെ പ്രോത്സാഹിപ്പിക്കാനുള്ള ഈ പ്രമേയത്തോട് ഞാൻ യോജിക്കുന്നു. നമ്മുടെ നാട്ടുകാരെല്ലാം വളരെ ദരിദ്രന്മാരാണ്. ഒരു നേരം കഞ്ഞി കുടിച്ചു കിടക്കുന്നവർതന്നെ വളരെ ചുരുക്കമാണ്. അങ്ങിനെയുള്ളവരുടെ ഇടയിൽ, അവരുടെ കയ്യിൽനിന്നു പണം ചിലവുചെയ്തു കുടിൽ വ്യവസായം ഉണ്ടാക്കാൻ വളരെ പ്രയാസമാണ്. അതുകൊണ്ടാണ് ഗവമ്മെണ്ടിന്റെ ആനുകൂല്യം വേണമെന്നപേക്ഷിക്കുന്നതു്. എന്തായാലും നമ്മുടെ കുടിൽ വ്യവസായം കളയണമെന്നു പറയുന്നതു് വളരെ കഷ്ടമാണ്. ഇൻഡസ്ട്രിയൽ സ്കൂൾ വന്നപ്പോൾ പലതരത്തിലുള്ള കൈത്തൊഴിലുകൾ പഠിച്ചിട്ടുള്ളവർ ധാരാളമായി. അവരെല്ലാം ഇപ്പോൾ പട്ടിണിയാണ്. ഉദ്യോഗമില്ല; കുടിൽ വ്യവസായത്തിനു പണവുമില്ല. നെയ്ത്തു് പഠിച്ചിട്ടുള്ളവർക്കു് തറികൾ ഇടണമെങ്കിൽ പണവുമില്ല. അങ്ങിനെ കഷ്ടപ്പെടുന്നവർക്കു് ഗവമ്മെണ്ടിൽനിന്നു് ചില സഹായങ്ങൾ ചെയ്തുകൊടുക്കണം.

ഇപ്പോൾ തേൻക്രട്ടവെക്കുന്ന ഒരേർപ്പാടുണ്ട്. രണ്ടോ മൂന്നോ

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ത്രുപകൊടുത്താൽ ഒരു ക്രുടുവക്കാൻ സാധിക്കും. ഒന്നരണ്ടാഴ്ചകൊണ്ട് നു, ർ കുപ്പി തേൻ കിട്ടും. അതിൽ ഒരു എക്സ്പർട്ടുണ്ട്; എഴുതിയയച്ചാൽ ഉടൻ വരും. തേൻ എടുക്കാൻ ഒരു മിഷ്യനും കൊണ്ടുവരും. ഇതൊക്കെ വലിയ സംഖ്യ ചിലവാക്കാതെ നടത്താൻ സാധിക്കും. ഈ ക്രുട് ജനങ്ങൾക്കു സൗജന്യമായി കൊടുത്താൽ വളരെ ഉപകാരമായി. ഇൻഡസ്ട്രിയൽ സ്കൂളിൽ ഈ ക്രുട ഉണ്ടാക്കുന്നുണ്ട്. ഇൻഡസ്ട്രിയൽ സ്കൂൾ വന്നതിനുശേഷം അവിടെ വിശേഷപ്പെട്ട പല സാധനങ്ങളും ഉണ്ടാക്കുന്നുണ്ട്. ഗവൺമെണ്ടാവശ്യത്തിനുവേണ്ട സാമാനങ്ങൾ അന്യരാജ്യത്തുനിന്നാണു വരുത്തുന്നത്. എന്നാൽ ഇവിടെ ഉണ്ടാക്കുന്ന വിശേഷപ്പെട്ട സാധനങ്ങളെങ്കിലും വാങ്ങിച്ചു ഈവക വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതു് ഗവൺമെണ്ടിന്റെ ചുമതലയാണു്. തൃശ്ശിവപേരൂർ, മുകുന്ദപുരം, തലപ്പിള്ളി ഈ മൂന്നു താലൂക്കുകളിൽ അടക്കാകൃഷി വളരെ പ്രധാനമാണു്. അടക്ക വെട്ടണമെന്നുണ്ടെങ്കിൽ ഫാറ ത്രുപ കൊടുത്തു ലൈസൻസ് വാങ്ങിക്കണം. ഇങ്ങിനെ ലൈസൻസ്സു മേടിച്ചു വ്യവസായം നടത്തുകയാണെങ്കിൽ കയ്യിലുള്ളതും കളഞ്ഞു കയ്യും കഴുകി പട്ടിണിക്കു് വീട്ടിൽ ഇരിക്കേണ്ടിവരും. ഇങ്ങിനെയൊക്കെ ഉള്ളതിനാൽ എന്തെങ്കിലും ഒരു ചെറിയ സംഖ്യമാത്രം ലൈസൻസ് ഫീസ് ചുമത്തി; തല്ക്കാലസാമ്പത്തികസ്ഥിതി കരുതിക്കൊണ്ടു് ഇതിനു് ഒരു ചെറിയ പ്രോത്സാഹനം ചെയ്യുതരണമെന്ന അപേക്ഷയോടുകൂടി ഞാൻ അവസാനിപ്പിക്കുന്നു.

* **Rao Sahib I. N. Menon.**—Mr. President, Sir, I may at the very outset assure the Hon'ble Mover that the Government are at one with him in his anxiety to see cottage industries revived as much as possible. But I think we cannot see eye to eye with him in his full confidence that this is a matter which simply requires the Government's will. The Economic Survey which the Hon'ble Member referred to has no doubt placed within the reach of the Government a mass of valuable information but at the same time it has clearly shown the magnitude of the problem if they are earnest about the fostering of cottage industries by State intervention. Industry unlike other branches of human activity does not need State action to a very great extent. I think the proper sphere of the Government in respect of industrial development will be either to pioneer in respect of chemical and other scientific industries or to afford cheap capital—capital at a low rate of interest where finances are required. I think these are the only two possible ways in which any modern Government can come forward to the rescue of the cottage industry. As the Hon'ble Member for Oorakam observed

* Speech not corrected by the Hon'ble Member.

at the very sutset of his speech this is a subject which he has fathered in this House for very many years and this I think is the 5th or 6th time that I stand up to offer the views of the Government on this matter. Fortunately, we have moved forward considerably and the topics which he discussed in the course of his speech in moving the resolution formed the subject matter of discussion at the last meeting of the advisory committee of this House on industries and commerce. Quite a number of these subjects were discussed considerably and proposals for affording specific assistance to industries like bee-keeping, poultry farming, dairy farming etc. were formulated and they are now being discussed by the central administrative experts concerned with these subjects. The question was also discussed at this meeting of the advisory committee as to how far it would be advantageous to organise a separate department of commerce and industry with a view to give more attention and more energy to the consideration of questions touching commerce and industry. A scheme in respect of this very important subject is now receiving the attention of the Government and I am certain that orders will be issued with all possible expeditiousness. As such I am quite sure that the Hon'ble Member will see that we have considerably moved onwards in this direction and the Government are prepared to render all possible helps to the development of the cottage industry. But I will not allow the Hon'ble Member at the same time to run away with the impression that it is possible for the Government to organise cottage industries on a universal scale. The lines of Governmental action in respect of the development of cottage industries are dictated by the nature of the industries themselves. Beyond a certain amount of pioneer work and the conferring of some measure of financial assistance in the shape of subsidies Government cannot in the present organisation of society afford any further relief. Attention was drawn to one or two small experiments made by Government in the matter of socialist control of industries, particularly to the co-operative organisation of the weavers of Kuthampilly. I think a reference was also made to manufacturing industries by Government like the Potteries and the Tanneries. We are now on the question of organisation of cottage industries. I do not think that Government can at any time undertake the wholesale organisation and conduct of even one of the cottage industries. What they can do is to assist, if necessary, by means of legislative enactments or by grant from time to time of suitable loans for the conduct of these industries which are no doubt languishing both for want of direction

LIBRARY ARCHIVES Kerala Legislative Assembly

and want of funds. These are matters which are now being considered by the Government and I have no doubt that all possible means of help and all reasonable means of assistance to these handicrafts will be afforded by the Government. At the same time I want this House, considering the nature of cottage industries and their limited and restricted possibility, to understand that one cannot hope for too much from these cottage industries. There is considerable force in what the Hon'ble Member for South Ezhuvas said. We cottage industrialists are to have a neck-break race with mass production on a large scale and if satisfaction of effective wants in the world markets is not possible, it is not possible for any cottage industrialist to keep abreast or keep ahead of mill manufacturers. The real vitality of this cottage industry is not in its capacity to satisfy the effective demands one finds in the world's market but in its capacity to provide a suitable ancilliary occupation for the farmer in the off-season. As a matter of fact, in spite of its want of skill, its want of organisation and means of the common man if the cottage industrialists stand the test of foreign competition it is simply because the cottage industries to some extent are suitable means of occupation for the slack season among the farmers. Here I do not think Government can do much more than give suitable education through its many elementary schools. After all, cottage industry in the case of farmers who form a fair majority of the population of the State can be little more than an auxilliary occupation and an auxilliary occupation is one in which one will not be prepared either to invest or to which one will not be prepared to devote more than one's leisure. As such, the only thing the Government can do in respect of these farming classes who would look to cottage industry as an auxilliary occupation will be to give the children of these persons a suitable training through the agency of the hundreds of elementary schools that are scattered over the State.

I think I have fairly explained the position of the Government in respect of the subject matter of the resolution and tried to show how they have moved onwards since I last spoke on the subject and what are the lines on which we are trying to find a solution of this somewhat vexed question.

*മിസ്റ്റർ കെ. എം. കുഞ്ഞുമൊയ്തീൻ.— സർ, ഇൻഡസ്ട്രിയൽ മെമ്പർ അവർകളുടെ മറുപടി ഏറ്റവും അതൃപ്തികരവും അദ്ദേഹത്തിന്റെ ന്യായവാദങ്ങൾ ഏറ്റവും പഴഞ്ചനമാണെന്ന് പറയാതെ നിവൃ

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ത്തിയില്ല. ഗവമ്മെണ്ട് ഇതിൽ ഇൻടർഫിയർ ചെയ്യരുതു് എന്നു പറയുന്നതുപോലെ അബദ്ധം മറെറാന്നില്ല. നമ്മുടെ അടുത്തു കിടക്കുന്ന തിരുവിതാംക്കൂറും മൈസൂറും ഈ വിഷയത്തിൽ ഏതു തരത്തിലുള്ള സഹായമാണു് ചെയ്യുന്നതു് എന്നു് അവിടത്തെ സ്ഥിതിഗതികൾ അന്വേഷിച്ചാൽ അറിയാവുന്നതാണു്. മൈസൂറിൽ, അടുത്ത പ്രദേശങ്ങളെ അപേക്ഷിച്ചു് ഈ വ്യവസായം വളരെ പ്രശസ്തമായ രീതിയിൽ നടന്നുവരുന്നു. ബ്രിട്ടീഷിൻഡ്യയിൽ ഇംഗ്ലീഷുകാരുടെ ഭരണത്തിന്റെ ആരംഭദശയിൽ കൂടിൽ വ്യവസായങ്ങൾ നടപ്പിൽ വരുത്താനുള്ള ശ്രമമുണ്ടായിരുന്നു. ഏതോ ചില രാഷ്ട്രീയകാരണങ്ങളാൽ അതു തുടങ്ങാതെ ഇരുന്നു. ഈ വ്യവസായങ്ങൾ നടത്തുന്നതിനുള്ള പദ്ധതി സാമ്രാജ്യ നിയമസഭയിൽ സ്റ്റേറ്റു സിക്രട്ടറി പ്രസ്താവിക്കുകയുമുണ്ടായി. വാസ്തവത്തിൽ ഇതിനാവശ്യമുള്ള പണം ചിലവാക്കാൻ ഗവമ്മെണ്ടു് സമ്മതിച്ചിട്ടുള്ളതാണു്. മദ്രാസ് ഗവമ്മെണ്ടു് ഇൻഡസ്ട്രിയലിൽ പ്രവേശിച്ചിട്ടില്ല എന്നാണദ്ദേഹം പറയുന്നതു്. കൂടിൽ വ്യവസായങ്ങളുടെ അടിസ്ഥാനതത്വത്തിൽ ഗവമ്മെണ്ടുകൾ യാതൊന്നും പ്രവൃത്തിക്കാൻ നിശ്ചയിച്ചിട്ടില്ലെങ്കിൽ അതിനു യാതൊരു പുരോഗതിയുമുണ്ടാകുന്നതല്ല. ഗവമ്മെണ്ടു് നിശ്ചയമായിട്ടും ഇൻഡസ്ട്രിയലിൽ ഇടപെടണം. പരിഷ്കൃത ഗവമ്മെണ്ടുകളെല്ലാം ഇതു ചെയ്യുന്നുണ്ടു്. ഒരു രാജ്യത്തിൽ വ്യവസായംമൂലം ഉപജീവനം കഴിക്കാൻ നിവൃത്തിയില്ലാതെ പട്ടണികിടന്നു നരകിക്കുന്ന ജനങ്ങളെ വ്യവസായ സംബന്ധമായ പ്രോത്സാഹനം ചെയ്തു രക്ഷിക്കേണ്ടതു മുതല ആ രാജ്യത്തെ ഗവമ്മെണ്ടിനല്ലാതെ മററാക്കാണു്? പണക്കാരായ മൂലധനക്കാർ നടത്തുന്ന വ്യവസായങ്ങളിൽ അവക്കു ആദായമുള്ള സമയങ്ങളിൽമാത്രമേ ജോലി ചെയ്യിപ്പിക്കുകയുള്ളൂ. അതുകൊണ്ടു് അർദ്ധപ്പട്ടിണിക്കാരായ പാവങ്ങൾക്കാണു് ബുദ്ധിമുട്ടനേരിടുന്നതു്. നിശ്ചയമായിട്ടും ഇത്തരം ജനങ്ങളെ സഹായിക്കാൻ വേണ്ടിയായിരിക്കണം ഈ വക വ്യവസായങ്ങൾ ഏർപ്പെടുത്തേണ്ടതു്. ജോലിയില്ലാപ്രശ്നത്തിനു നിവാരണംചെയ്യാൻ ഈ പ്രമേയംകൊണ്ടു് സാദ്ധ്യമാകുമെന്നു് എനിക്കു തോന്നുന്നില്ല. എന്നാൽ പരിഷ്കൃത ഗവമ്മെണ്ടുകൾ ചെയ്യുന്നതുപോലെ ഇതിനെ സംബന്ധിച്ചു പൊതുജനങ്ങളോടാലോചിച്ചു് ഗവമ്മെണ്ടു് ഒരു പുതിയ പദ്ധതി രൂപീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

*മിസ്റ്റർ കെ. എം. ഇബ്രാഹിം— സർ, ബഹുമാനപ്പെട്ട ഉദ്യോഗമെമ്പർ വിചാരിക്കുമായിരിക്കും, കൗൺസിലിൽ ഇതിനെസംബന്ധിച്ചു ആരെങ്കിലും ഏതെങ്കിലും വിഷയം കൊണ്ടുവരുമ്പോൾ ഞാൻ സക്കാർ വകയായ ഒരു കൃഷി കൈത്തൊഴിൽ സ്ഥാപനം വേണമെന്നു പറയുന്ന ഒരാളാണെന്നു്. ബഹുമാനപ്പെട്ട തെക്കെ ഈഴവ പ്രതിനിധി ഈ പ്രമേയത്തെ എതിർക്കുന്നു എന്നു ആദ്യം തെറിദ്ധരിക്കരുതു്.

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

കുറെ വക്കീലന്മാരും കുറെ പണക്കാരുംകൂടി നടത്തുന്ന ഒരു വ്യവസായം പാവങ്ങൾക്ക് യാതൊരുവിധത്തിലും ഉപകാരപ്രദമായിത്തീരുകയില്ലെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. കൃഷി കൈത്തൊഴിൽ പ്രസ്ഥാനം സാമ്പത്തിക പുരോഗതിയുള്ള ഒരു വ്യവസായമാക്കണമെന്ന ഒരു പ്രമേയം ഫാവ്-ൽ ബഡ്ജറ്റുയോഗത്തിൽ കൊണ്ടുവന്നപ്പോൾ തെക്കെ ഈഴവ പ്രതിനിധിയും ഊരകം മെമ്പറും ഞാനും മാത്രമേ അതിനനുകൂലികളായിട്ടുണ്ടായിരുന്നുള്ളൂ. ബാക്കിയുള്ളവർ നിഷ്പക്ഷനിലയിലായിരുന്നു. അങ്ങിനെയുള്ള ഊരകംമെമ്പർ ഒരു യാഥാസ്ഥികനാണെന്നു വിചാരിക്കാൻ നിവൃത്തിയില്ല. ഈ വ്യവസായത്തിനു വേണ്ടി പരിഷ്കാരങ്ങളും പരിവർത്തനങ്ങളും വരുത്തേണ്ടതാണ്. എല്ലാവർക്കും സുഖിക്കാനും എല്ലാവർക്കും ആനന്ദിക്കുവാനും എല്ലാവർക്കും പരിശുദ്ധ ജീവിതം നയിക്കാനും സാധിക്കുന്ന ഒരു സാമ്പത്തിക മുറുപാട് നമുക്കുണ്ടാകേണ്ടതാണ്. പക്ഷെ അതു് ഇന്നു നടക്കുകയില്ല. അതു ആലോചിച്ചുകൊണ്ടു് സഹകരിക്കുവാനോ, അല്ലെങ്കിൽ കവിതയെഴുതാനോ കൊള്ളാവുന്നതാണ് ഈ വിഷയം. ഇന്നത്തെ നിലക്കു വിഭിന്നമായ ഒരു മുറുപാട നാളെത്തന്നെ വരുത്തേണ്ടതാണ്. വിപ്ലവമനസ്ഥിതിയുള്ള—വിപ്ലവമെന്നു പറഞ്ഞാൽ ചോരയെന്നർത്ഥമില്ല.-ഒരു യഥാർത്ഥമായ പൊതുജനസേവകൻ ഈ വക പരിഷ്കാരങ്ങൾ നാളെതന്നെ വരണമെന്നു വിചാരിച്ചു പ്രവൃത്തിക്കും. നാളെ വരുവാൻ പൊതുജനാഭിപ്രായമോ, മറു ചില ശക്തികളോ തടസ്ഥമായി നില്ക്കുകയാണെങ്കിൽ മറെറന്നാൾ വരുത്തുന്നതിനു ശ്രമിക്കും. മറെറന്നാളും അതു സ്ഥിതി വന്നില്ലെങ്കിൽ അതിന്റെ പിറെറദിവസം വരുത്തുന്നതിനു മൂടോടുകൂടി പരിശ്രമിക്കും. ഞാനിന്നു ശ്രമിക്കുകയാണെങ്കിൽ, എന്റെ കാലത്തു് തന്നെയോ അല്ലെങ്കിൽ എന്റെ മകന്റെ കാലത്തോ ഈ സ്ഥിതി വരാതിരിക്കുകയില്ല. ഈ പ്രമേയം വോട്ടിനിട്ടേണ്ടതാണ്. ഇതിനു ഭേദഗതി വരുത്തരുതു് എന്നുമാത്രമാണ് ബഹുമാനപ്പെട്ട മെമ്പർമാരോടുള്ള എന്റെ അപേക്ഷ.

വിദ്യാഭ്യാസ മെമ്പർ ഇങ്ങിനെയുള്ള അഭിപ്രായം പറയരുതു്. ഇങ്ങിനെ പറയുന്നതു് അദ്ദേഹം പ്രതിനിധീകരിക്കുന്ന ഭരണസ്ഥാപനത്തിനു ഒരു ദുഷ്പേരിലമായിത്തീർന്നിട്ടുണ്ടു്. ഇന്നത്തെ അഡ്മിനിസ്ട്രേഷൻ പരിഷ്കാരത്തിന്റെ ഏററവും മുന്നണിയിലിരിക്കുന്ന കൊച്ചിയുടെ നിലക്കു യോജിച്ചതല്ലെന്നാണ് ഞാൻ പറയുന്നതു്. സാമ്പത്തികമായ പുരോഗതിക്കുവേണ്ടി നമ്മുടെ ഗവമ്മെണ്ടു് ഒന്നും ശ്രമിക്കുന്നില്ല. നല്ലതും പുതിയതുമായ കാര്യങ്ങൾ ചെയ്യാതെ ഇരിക്കാനുള്ള കാരണം പറയുന്നതിനു് കൊച്ചിഗവമ്മെണ്ടിനു് നല്ല സാമർത്ഥ്യം ഉണ്ടു്. കൊച്ചിഗവമ്മെണ്ടിന്റെ പ്രശസ്തിക്കു് ഹാനിതട്ടാതെ ഇരിക്കണമെങ്കിൽ ഈ വ്യവസായ സംബന്ധമായി എന്തെങ്കിലും ചെയ്യണമെന്നു മാത്രമേ എനിക്കു പറയാനുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

Mr. E. Ikkanda Warriar.—Sir, although some of the Members spoke opposing my resolution, I do not think that they were at heart against my resolution—I mean the Hon'ble Members for Nellayi and Trichur South. At best it only showed that they only opened their lacerated heart at the way in which the Government behaved towards the public in an important matter like industries. The Hon'ble Member for South Ezhuvas, as usual pleaded for socialism.

Mr. K. Ayyappan.—No, I did not. I was against the Government's organising the cottage industry.

Mr. E. Ikkanda Warriar.—At any rate, he gave us the other alternative as the goal with which the Government should work the socialism and until that we should not dissipate our energies in any other direction. But, Sir, analysing the whole, I will put it in a different way. The whole question revolves upon the question whether the Government has a duty towards the half starved masses of the State. I think it will be admitted. It is admitted on all hands that the agricultural labourers have no work during the off season. I think from 50 to 70 per cent of the families in the villages have a deficit budget. I shall read a sentence from the latest report of the Economic Survey. (The report relates to Vadama). "Of the 818 families in that village 169 are balanced budget families, 147 are surplus budget families, and the remaining 502 out of 818 are deficit budget families". The same tale of woe can be read in all the other survey reports which saw the light of day. What do you find? You find 60 to 70 per cent of the families in the State have deficit budgets. They have no work for at least five to six months in the year. They are wasting their time. The object of my resolution is to give them some work and convert that waste into some money, however small it may be. It may be a pie but a pie is better than nothing. It is in that spirit that I approach this resolution. I ask, are not these people starving? Have you got a corner for these people? If you have, how do you propose to solve that problem? That is the question before you. If you are not able to find work for them if you do not propose to find work for them and to increase their average income and their earning capacity, how do you propose to improve it? Are you going to leave them alone to themselves to rot, to starve, devitalise and are you going to have an emaciated nation? What will your Harbour, the electric lights of the town, the loud speakers and other things be and of what use when the majority or the 60 per cent of the

LIBRARY ARCHIVES Kerala Legislative Assembly

population are starving from day to day and devitalising? That is the problem before you. It is not this cottage industry or that cottage industry that I am asking for. I know that the Kuthampilly Industry to which reference was made by the Hon'ble Member for Pazhayannur, was a collossal failure. Who is responsible for it? Are the masses responsible for it? Is it not the mismanagement of the whole concern? Is it the fault of the industry, the weaving industry that is responsible for it? Are not people still trying to fight against and trying to live by that weaving industry? Instead of Government helping them, I know they are going to Thirupathur getting cotton from Thirupathur, they are weaving and selling there. We know that the major portion of the profit goes to the middleman. I am only asking the Government to organise cottage industries either through co-operative societies or by organising better labour and by affording better facilities for their commodities. It is only that that I am asking. I know that different places will require different industries. It may be that coir industry will be the best for the coastal region, arecanut industry for Wadakanchery and the neighbouring places, weaving for Thiruviluamala and Chittur and other industries for other places. But we have to find some work for them and I ask is there any other better way for finding work for these people? I know the mass production from factory will not solve the problem because we are mainly agriculturists and our agricultural population are depending upon agriculture. 78 or 80 per cent of them have to remain in villages and cannot migrate to towns; they have to remain in villages. You have only to provide work for them during the off season. Sir, is it not the duty of the Government to find some work? Does the responsibility of the Government cease by simply declaring in this House several times of the enormity of the work or the impracticability of this or that instead of taking it up in right earnest? I would therefore suggest that the Government if they are serious in the matter and if they have got a corner for these starving masses, they should organise this industry all over the State. It may not be possible to do it in one day. It may take some time. If you search your own person I am sure you will find the products of cottage industries of other countries in your body. You are using at least 50 per cent of the articles manufactured or made in cottages of other places. That shows that there is scope for cottage industries. The buttons that you wear or the cuffs that you use, the toys that you purchase for your children, the gramaphones that you get for your house are the products of cottage industries in Japan. I therefore ask the Government to have

LIBRARY ARCHIVES Kerala Legislative Assembly

an expert. I know it is an enormous work and it cannot be done with the staff at your disposal, I know it must be organised on a broad scale by a very intelligent man who knows all these things. One can easily know the articles that are consumed in our countries. One can easily organise those industries, teach our people how to make these articles and if you encourage them to make their own articles and make them use those articles that will find work for them. So large scale industries will not help these people. If they are started by capitalists, their main object will be to gain profit. It may perhaps give employment to a few persons. But that is only a secondary concern of the promoters. The concern of the promoters ought to be the welfare of the masses and the people. If that is the concern of the Government it is up to them to spend the amount, it is up to them to employ an expert and even if necessary to form a separate department to organise the industries all over the State and improve the earning capacity of the masses. With these few words I commend the resolution for the acceptance of this House.

Resolution was, put and carried.

36. Revision of the rules governing Travelling and Daily Allowances.

* മിസ്റ്റർ കെ. എസ്സ്. പണിക്കർ.— "യാത്ര ചെയ്യേണ്ട അവസരങ്ങൾ വരുമ്പോൾ താഴ്ന്ന ശമ്പളക്കാരായ ഗവൺമെണ്ടുദ്യോഗസ്ഥന്മാർ സഹിക്കേണ്ടിവരുന്ന നഷ്ടത്തെ പരിഹരിക്കുമാറ് ട്രാവലിംഗ് അലവൻസിനേയും ഡെയിലി അലവൻസിനേയും സംബന്ധിക്കുന്ന നിയമങ്ങൾ പുതുക്കണമെന്ന് ഈ സഭ ഗവൺമെണ്ടിനോട് ശുപാർശ ചെയ്യുന്നു."

സർ, ഇതിനെ ഉദ്യോഗസ്ഥമെമ്പർമാരും അനുദ്യോഗസ്ഥ മെമ്പർമാരും ഒന്നുപോലെ സ്വീകരിക്കുമെന്ന് വിശ്വസിയ്ക്കുന്നു. ഉദ്യോഗസ്ഥമെമ്പറന്മാരാണെങ്കിൽ ഇതിന് വിരോധംപറയാൻ ന്യായം ഇല്ല. എന്തെന്നാൽ താഴ്ന്ന ശമ്പളക്കാരായ ശിപായികളുടെ ജോലിതന്നെ മുണ്ടഴിച്ചു നനയ്ക്കുക, കുട്ടികളെ നോക്കുക മുതലായതാണ്. അവരെ ഇതിനല്ല നിയമിച്ചിരിക്കുന്നതെങ്കിലും ഇങ്ങിനെയൊക്കെയാണ് നടക്കുന്നതെന്നുള്ളത് ഒരു പരസ്യമായ രഹസ്യമാണ്. അതുകൊണ്ട് ആ സാധുക്കൾക്കു എന്തെങ്കിലും കിട്ടുന്ന കാര്യത്തിൽ അവർ വിസമ്മതം പ്രദർശിപ്പിക്കുമെന്നു തോന്നുന്നില്ല. ഫാ-ം ഫു-ം ഫാ-ം തുപ ശമ്പളമുള്ള സാധുക്കൾ രാപകലില്ലാതെ ജോലിചെയ്തു പട്ടിണി കിടക്കു

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly